# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26




ഗവൺമെന്റ് ഹൈസ്കൂൾ
കുവക്കാവ്

# ഉള്ളടക്കം


| | |
|---|---|
| 1 | **ആമുഖം** |
| 2 | **ലക്ഷ്യങ്ങൾ** |
| 3 | **വിദ്യാലയത്തിന്റെ ലഘുചരിത്രം** |
| 4 | **വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്** |
| 5 | **പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ** |
| 6 | **നിലവിലെ അവസ്ഥാവിശ്യകലനം** |
| 7 | **മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ** |
| 8 | **പദ്ധതി വിശദാംശങ്ങൾ** |
| 9 | **പ്രതീക്ഷിത നേട്ടങ്ങൾ** |
| 10 | **ഉപസംഹാരം** |


# അനുബന്ധം


| | |
|---|---|
| 1 | **വിദ്യാലയത്തിന്റെ സ്കെച്ച് ,സൈറ്റ് പ്ലാൻ** |
| 2 | **മികവുകൾ നേട്ടങ്ങൾ (നടപ്പ് വർഷം മുൻവർഷം)** |
| 3 | **കുട്ടികളുടെ എണ്ണം മുൻ വർഷങ്ങളിൽ** |
| 4 | **നിലവിലുള്ള കമ്മിറ്റികൾ അംഗങ്ങളുടെ പട്ടിക** |

## ആമുഖം

മണിമല ഗ്രാമപഞ്ചായത്തിലെ മുക്കട എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് ചരിത്രപരവും ആയ പെരുമറുന്ന നാടാണിത് ഈ വിദ്യാലയത്തിന്റെ സമീപപ്രദേശമാണ് മതമൈത്രിക്ക് പേരുകേട്ട എരുമേലി സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന എസ് സി എസ് ടി വിഭാഗത്തിൽപ്പെട്ട അനേകം വിദ്യാർത്ഥികളുടെ അനേകം വ്യക്തികളുടെ ജീവിത വിജയത്തിന് അടിത്തറ പോകാൻ ഈ വിദ്യാലയം സഹായിക്കുന്നു ഇവിടെനിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയ നിരവധി ആളുകൾ ഇന്ന് സാമൂഹിക സാംസ്കാരിക മേഖലകളിൽ ഉന്നത പദവി അലങ്കരിക്കുന്നു ഒരു നാടിന്റെ മുഴുവൻ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ മാറ്റത്തിന് വഴിതെളിച്ച സ്ഥാപനമാണിത് .

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യം മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

2. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരി പ്രേക്ഷ്യത്തോടെ പശ്ചാത്ത സൗകര്യം വർധിപ്പിക്കുക

3. പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് കൂടുതൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളുടെ അവസമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

4. അധ്യാപനവും അധ്യായനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയ ചരിത്രം

കോട്ടയം ജില്ലയിലെ മറ്റേതൊരു സ്കൂളിനേക്കാൾ വ്യത്യസ്തമായ ചരിത്രപശ്ചാത്ത ലവും പ്രസക്തിയുള്ളതാണ് കൂവക്കാവ് ഗവ. ഹൈസ്കൂൾ 20- നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുണ്ടായ നവോത്ഥാന മുന്നേറ്റങ്ങളും 1947 ലെ സ്വാതന്ത്ര്യലബ്ധിയും സ്വന്തം കാലിൽ നിൽക്കാനും, വളർന്നുവികസിക്കാനുമുള്ള തീവ്രാഭിലാഷം ഭാരതത്തിലുടനീളം ശക്തമായി. കോട്ടയം ജില്ലയിലെ മണിമല പഞ്ചായത്തിൽ കൂവക്കാവ് ഗ്രാമത്തിലും ഇത്തരം മുന്നേറ്റമു ണ്ടാവുകയും അത് വളർന്ന് വികസിക്കുകയും ചെയ്തു. നിർധനരും വിദ്യാവിഹീനരുമായി കഴിഞ്ഞിരുന്ന ഏതാനും സുമനസ്സുകൾ അറുപതാണ്ടുകൾക്കപ്പുറം ഇത്തരമൊരു ചരിത്രനിയോഗത്തിൽ അണിചേർന്നതിന്റെ ഫലമായി രൂപംകൊണ്ടതാണ് ഈ വിദ്യാലയം.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലും അധിവസിച്ചു വന്നിരുന്ന ഈ പ്രദേശത്തെ പൂർവ്വികർക്ക് വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനും, സമത്വത്തിനും വേണ്ടിയുള്ള തീവ്രാഭിലാഷം വരുംതലമുറ വിദ്യാസമ്പന്നരും പരിഷ്കൃതരും ആയിത്തീരണമെന്നുള്ള ഉൾക്കാഴ്ചയും ഉണ്ടായതിന്റെ ഫലമായി എളയ്ക്കാട്ട് ആദിച്ചൻ കുഞ്ഞൻ്റെ വീട്ടിൽ ഒരു എഴുത്തുകളരിക്ക് 1950 കളുടെ മധ്യത്തിൽ തുടക്കം കുറിച്ചു. വാകത്താനം സ്വദേശി പി.ടി തോമസ് (ബേബിസാർ) ആയിരുന്നു അധ്യാപകൻ പിന്നീട് 1956 ൽ ഒരു കുടിപ്പള്ളിക്കൂടമായി ഉയർത്തപ്പെട്ട് 1957 ൽ ഗവൺമെൻ്റ് വെൽഫയർ ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത് സ്കൂളിന് സർക്കാർ അംഗീകാരം ലഭിച്ചപ്പോൾ ബേബിസാർ തന്നെ പ്രഥമാധ്യാപക നായി. ആദ്യകാലങ്ങളിൽ കുട്ടികളെ തേടിപ്പിടിക്കാനും, സ്കൂൾ യഥാസമയം ഓലകെട്ടി മേയാനും, പഞ്ഞമാസങ്ങളിൽ ഉച്ചഭക്ഷണമില്ലാത്ത കുട്ടികൾക്ക് ആഹാരം കൊടുക്കാ നുമൊക്കെ നല്ലവരായ നാട്ടുകാരും മുന്നോട്ടുവന്നു.

ഇങ്ങനെ ഒട്ടേറെ വിദ്യാസമ്പന്നരെയും പ്രതിഭകളെയും വാർത്തെടുത്ത് നാടിന് സാംസ്കാരിക വളർച്ചയും സമഭാവനയും സമ്മാനിച്ച കൂവക്കാവ് സ്കൂൾ ഇന്ന് ഹൈസ്കൂ ളായി ഉയർന്നിരിക്കുന്നു. മികച്ച പഠന-ബോധന മാർഗ്ഗങ്ങളിലൂടെ മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ട് കൂവക്കാവ് ഹൈസ്കൂൾ അതിന്റെ ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു..

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. 'മോചനമരുളുന്നത് എന്തോ വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായി ഉള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൌലോഫ്രയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3. ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ ശുചിത്വം ദീനാനു കമ്പാ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ട പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷിയുള്ള ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്നുറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികളാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | ഗവ.എച്ച്.എസ് കൂവക്കാവ് |
| 2 | വിലാസം | മുക്കട മണിമല<br>കോട്ടയം 686544 |
| | ഫോൺ | 4828245135 |
| 3 | സ്കൂൾ കോഡ് | യുപി : 32448<br>എച്ച് എസ് :32073 |
| 4 | ഉപജില്ല | കറുകച്ചാൽ |
| 5 | വിദ്യാഭ്യാസ ജില്ല | കാഞ്ഞിരപ്പള്ളി |
| 6 | ബി.ആർ.സി | കറുകച്ചാൽ |
| 7 | സി.ആർ.സി | കറിക്കാട്ടൂർ |
| 8 | ഗ്രാമപഞ്ചായത്ത് | മണിമല 6 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | കാഞ്ഞിരപ്പള്ളി |
| 10 | ജില്ലാ പഞ്ചായത്ത് | കോട്ടയം |
| 11 | നിയമസഭാ മണ്ഡലം | കാഞ്ഞിരപ്പള്ളി |
| 12 | ലോക്സഭാ മണ്ഡലം | പത്തനംതിട്ട |
| 13 | താലൂക്ക് | കാഞ്ഞിരപ്പള്ളി |
| 14 | വില്ലേജ് | മണിമല |
| 15 | e-mail | gwhskoovakkavu@gmail.com |
| 16 | സ്കൂൾ വിക്കി | Kottayam(Revenue District)<br>Kanjirappally(Ed.Dist) |

## കുട്ടികളുടെ എണ്ണം വർഷങ്ങളിൽ

| വർഷം | പ്രീ പ്രൈ മറി | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 2016-17 | 31 | 12 | 14 | 13 | 6 | 7 | 7 | 15 | 9 | 24 | 26 | 164 |
| 2017-18 | 30 | 7 | 12 | 14 | 13 | 6 | 7 | 7 | 21 | 9 | 24 | 150 |
| 2018-19 | 28 | 6 | 7 | 12 | 14 | 13 | 6 | 7 | 7 | 21 | 9 | 130 |
| 2019-20 | 30 | 9 | 7 | 7 | 14 | 15 | 14 | 6 | 11 | 8 | 24 | 145 |
| 2020-21 | 30 | 10 | 11 | 7 | 12 | 15 | 18 | 20 | 9 | 12 | 24 | 168 |
| 2021-22 | 32 | 17 | 10 | 11 | 7 | 12 | 15 | 18 | 26 | 9 | 12 | 169 |
| 2022-23 | 32 | 12 | 15 | 12 | 13 | 13 | 12 | 16 | 18 | 27 | 9 | 179 |
| 2023-24 | 32 | 19 | 12 | 16 | 13 | 15 | 14 | 11 | 18 | 19 | 26 | 195 |
| 2024-25 | 26 | 12 | 14 | 12 | 14 | 13 | 14 | 13 | 13 | 19 | 18 | 168 |
| 2025-26 | 27 | 14 | 10 | 11 | 10 | 16 | 13 | 12 | 10 | 15 | 19 | 157 |

## മികവുകൾ നേട്ടങ്ങൾ

കഴിഞ്ഞ 60 വർഷങ്ങളായി കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിൽ മുക്കട ഗ്രാമപ്രദേശത്ത് തല ഉയർത്തി നിൽക്കുന്ന ഗവൺമെന്റ് ഹൈസ്കൂൾ കുവക്കാവ് 2013 ആർഎംഎസ് പദ്ധതിയിൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട സ്കൂൾ അക്കാദമികവും ഭൗതികവും ആയ മികവിന്റെ പാതയിലാണ് ആദ്യ എസ്എസ്എൽസി ബാച്ച് തന്നെ 100% വിജയം കരസ്ഥമാക്കി തുടങ്ങിയ വിജയഭേരി ഇന്നും തുടരുന്നു കലോത്സവം പ്രവർത്തിപരിചയമേള കായികമേള എന്നിവയിൽ സബ് ജില്ലയിൽ വിജയികളാവുകയും ജില്ലാ മേളകളിൽ പങ്കെടുക്കുകയും ചെയ്തുവരുന്നു 2025 മാർച്ചിലെ എസ്എസ്എൽസി പരീക്ഷയ്ക്ക് 100% വിജയം നേടി വിദ്യാർഥികൾക്ക് ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുവാൻ കഴിഞ്ഞു

ആർ എം എസ് എ  പദ്ധതിയിൽ നിന്നും 86 ലക്ഷം രൂപ വിനിയോഗിച്ച് 2023 ഒക്ടോബറിൽ പണിപൂർത്തീകരിച്ച പുതിയ കെട്ടിടത്തിലാണ് നിലവിലെ ഹൈസ്കൂൾ ക്ലാസുകളും സ്കൂൾ ഓഫീസും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് വർണ്ണ കൂടാരം 2023 24 പദ്ധതിയുടെ ഭാഗമായി 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്ലാസ് മുറികളിലും അങ്കണത്തിലുമായി  പൂർത്തിയായി . കൂടാതെ എം പി ഫണ്ട് ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി എന്നിവയിൽ നിന്നുള്ള പദ്ധതികളുടെ ഭാഗമായി നടന്നുകൊണ്ടിരിക്കുന്ന ഓപ്പൺ സ്റ്റേജ് പാചകപ്പുര ശുചിമുറി സമുച്ചയം എന്നിവയുടെ നിർമ്മാണവും അവസാനഘട്ടത്തിലേക്ക് അടുക്കുകയാണ്.

'യഥാർത്ഥ ജ്ഞാനം' കേവലം വിവരശേഖരണം മാത്രമല്ല മറിച്ച് അവനവന്റെ ഹൃദയത്തിന്റെ ഉള്ളറകളിലേക്കും ജീവിത പരിസരങ്ങളിലേക്കും ഉറ്റുനോക്കുന്നതിനുള്ള പ്രാപ്തിയും കൈവരിക്കേണ്ടത് ആവശ്യമാണ് എന്ന് മനസ്സിലാക്കി പാഠ്യേതര പ്രവർത്തനത്തിന് ഊന്നൽ നൽകി ജൈവവൈവിധ്യ പാർക്ക് ഉദ്യാനവൽക്കരണം ക്ലബ് പ്രവർത്തനങ്ങൾ ജാലകം  ക്വിസ് ബോധവൽക്കരണക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും പെൺകുട്ടികൾക്കുള്ള സ്വയപ്രതിരോധ മാർഗം യോഗാ ക്ലാസ് തുടങ്ങിയവ നടന്നുവരുന്നു.

'സേവനം സഹജീവനം' എന്ന സന്ദേശം സമൂഹത്തിൽ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ കോട്ടയം ജില്ലയിൽ അനുവദിച്ച 20 ബാച്ചുകളിലൊന്ന് നമ്മുടെ സ്കൂളിൽ മാതൃകാപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു നിലവിൽ അംഗങ്ങളായിട്ടുള്ള 30 കുട്ടികളുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളും പ്രായോഗിക ക്ലാസുകളും ക്യാമ്പുകളും നമ്മുടെ സ്കൂളിൽ സംഘടിപ്പിച്ചു ഈ വർഷവും സജീവമായി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു കൂടാതെ വിമുക്തി ക്ലബ്ബും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. മികവിന്റെ പാതയിൽ പ്രയാണം ചെയ്യുന്ന വിദ്യാലയം അടുത്ത അഞ്ചുവർഷത്തിനുള്ളിൽ മണിമല പഞ്ചായത്തിലെയും 10 വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിലെയും അക്കാദമികവും ഭൗതികവുമായി മുൻപന്തിയിൽ എത്തിക്കുക എന്നതാണ് അധ്യാപകരുടെയും മാതാപിതാക്കളുടെയും കുട്ടികളുടെയും കൂട്ടായ പരിശ്രമവും ലക്ഷ്യവും

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br><br>ഗണിത വികസനം<br><br>ഇംഗ്ലീഷ് പഠന പരിവേഷണം<br><br>ശാസ്ത്രപോഷണ പരിപാടി<br><br>ലൈബ്രറി<br><br>ശാക്തീകരണം<br><br>ലബോറട്ടറി<br><br>ആധുനികവൽക്കരിക്കൽ<br><br>പ്രതിഭാപോഷണ പരിപാടി<br><br>നാടക കളരി<br><br>സാഹിത്യപോഷണ പരിപാടികൾ<br><br>പഠനയാത്രകൾ,സെമിനാറുകൾ ദിനാചരണം<br>ക്ലബ് പ്രവർത്തനങ്ങൾ<br><br>കലാകായികമേള<br><br>ഐടി പരിശീലനം<br><br>അധ്യാപക ശാക്തീകരണ പരിപാടികൾ | ചുറ്റമതിൽ , ഗേറ്റ്<br><br>കളിസ്ഥലം<br><br>ചിൽഡ്രൻസ് പാർക്ക്<br><br>ക്ലാസ് മുറികൾ<br><br>ഓഫീസ് റൂം<br><br>സ്റ്റാഫ് റൂം<br><br>വിശ്രമമുറി<br><br>ആധുനികപാചകപ്പുര<br><br>ഡൈനിംഗ് ഹാൾ<br><br>അസംബ്ലി ഹാൾ<br><br>കുടിവെള്ള വിതരണം<br><br>മാലിന്യ സംസ്കരണം<br><br>ടോയ്ലറ്റ്<br><br>ലബോറട്ടറി | S.M.C,S.M.D.C കാര്യക്ഷമമാക്കൽ<br><br>വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br><br>SSG<br><br>ഗ്രന്ഥശാലകൾ ക്ലബ്ബുകൾ വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, ഇവരുടെ സേവനംപ്രയോജനപ്പെടുത്തൽ<br><br>CPTA മാതൃകാപരമാക്കൽ നടപടികൾ<br><br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br><br>പൊതു സമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം ഭവന സന്ദർശനം |

| | | |
|---|---|---|
| ക്ലാസ്സ് PTA സജീവമാക്കൽ<br><br>സ്കൂൾപത്രം,മാസിക<br>ടേം മൂല്യനിർണയം | | |

## പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങളിൽ

1. മുഴുവൻ രക്ഷിതാക്കളുടെയും സാന്നിധ്യത്തിൽ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും.

2. വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ് ആർ ജി, എസ് എം എസ് , പിടിഎ, എം പിടിഎ ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. പിടിഎയുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാ വിശകലനം

**A. ഭൗതികം- നേട്ടങ്ങൾ**

1993-ൽ പ്രവർത്തനമാരംഭിച്ച സ്കൂളിന് ചുറ്റമതിലോട് കൂടിയ ഒരു ഇരുനില കെട്ടിടം ഉണ്ട്. 2023 ഒക്ടോബറിൽ R M S A ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച മൂന്ന് നിലകളോടുകൂടിയ ഹൈസ്കൂൾ ബ്ലോക്കും ഉണ്ട്.

**B. ഭൗതികം -പരിമിതികൾ**

2013 മുതൽ ഹൈസ്കൂൾ ആയി ഉയർത്തിയെങ്കിലും യുപി സ്കൂളിന്റെ സൗകര്യങ്ങൾ ആയിരുന്നു കഴിഞ്ഞ 10 വർഷക്കാലം പ്രവർത്തിച്ചുകൊണ്ടിരുന്നത് കഴിഞ്ഞവർഷം RMSA ഫണ്ട് ഉപയോഗിച്ച് പുതിയ ഹൈസ്കൂൾ കെട്ടിടം പൂർത്തീകരിച്ചതോടെയാണ് നിലവിലെ അവസ്ഥയ്ക്ക് മാറ്റം വന്നത്. എന്നാൽ ലാബ് ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഇപ്പോഴും ഇല്ല. ആധുനിക രീതിയിലുള്ള ശൗചാലയം ഇല്ല. ചുറ്റമതിൽ ഉണ്ടെങ്കിലും അത് പൂർണ്ണമല്ല. പ്രധാന ഗേറ്റില്ല. ഓഡിറ്റോറിയം ഇല്ല. വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ആധുനിക സൗകര്യങ്ങൾ ഉള്ള ഭോജനശാലയും ഇല്ല. വിശാലമായ രീതിയിൽ കളിസ്ഥലം നിർമ്മിക്കേണ്ടതുണ്ട്. ആകർഷകമായ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് മുതലായവ നിർമ്മിക്കേണ്ടതുണ്ട്. ആവശ്യത്തിന് ക്ലാസ് മുറികളും നിർമിക്കണം. ജലസേചന സൗകര്യം മെച്ചപ്പെടുത്തണം. സ്കൂൾ കുട്ടികൾക്കായി ഒരു സ്കൂൾ ബസ് ഏർപ്പെടുത്തേണ്ടതുണ്ട്.

**C. അക്കാദമികം പരിമിതികൾ**

വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട് സ്കൂൾ ഗ്രന്ഥശാലയുടെ നവീകരണം ലബോറട്ടറിയുടെ ആധുനികവൽക്കരണം ക്ലാസ് ലൈബ്രറിയുടെ നവീകരണം,IT ലാബിന്റെ നിർമ്മാണം എന്നിവ ഉടൻ പൂർത്തിയാവേണ്ടതുണ്ട് .കല കായിക പരിശീലനത്തിന് മതിയായ സമയം സേവനം ലഭ്യമാകുന്നില്ല .നമുക്ക് ഭാഷാശേഷി വികസനം സ്കൂൾ പത്രം മുതലായവയ്ക്ക് ആവശ്യമായ സൗകര്യം ലഭിക്കേണ്ടതുണ്ട്

**D. അക്കാദമികം നേട്ടങ്ങൾ**

ഭൗതികവും അക്കാദമികവുമായ പരിമിതികൾ ഏറെ ഉണ്ടെങ്കിലും ഹൈസ്കൂൾ ആയി പ്രവർത്തനമാരംഭിച്ചത് മുതൽ തുടർച്ചയായി എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ആയിട്ടുണ്ട് 2024 ൽ 100% വിജയവും ഉയർന്ന ഗ്രേഡ് കൈവരിക്കാൻ ആയി. ശാസ്ത്രമേളകൾ പ്രവർത്തി പരിചയമേളകൾ എന്നിവയ്ക്ക് കുട്ടികളെ പങ്കെടുപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ ആയി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മലയാളം (ഭാഷാ പഠനം )

**ലക്ഷ്യങ്ങൾ**

1. മാതൃഭാഷ ശരിയായി മനസ്സിലാക്കാനും പ്രയോഗിക്കാനും സംസാരിക്കാനും പെരുമാറ്റത്തിൽ ഔചിത്യപൂർവ്വം മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കാനും കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുക.

2.കുട്ടിയുടെ ഭാഷാശേഷികൾ പരിപാടിയായി മെച്ചപ്പെടുത്തിക്കൊണ്ട് ഗ്രഹണ നൈപുണിയും പ്രയോഗ നൈപുണിയും ഉയർന്ന തലത്തിൽ എത്തിക്കുക

3.ഒന്ന് രണ്ട് ക്ലാസുകളിൽ ഭാഷയുടെ ലിഖിതരൂപം പരിചയപ്പെടുത്തിക്കൊണ്ട് വായിച്ചും എഴുതിയും ഉള്ള ഭാഷാപ്രയോഗത്തിൽ കുട്ടികൾക്ക് അടിത്തറ ഉറപ്പിക്കുക.

4. മൂന്ന് നാല് ക്ലാസുകളിൽ കൂടുതൽ ഉയർന്ന തലത്തിൽ വിനിമയ ശേഷിയും സർഗാത്മകതയും പ്രയോഗശേഷിയും വികസിപ്പിക്കുന്നതിന് വാമൊഴിയും വരമൊഴിയും ഉപയോഗിച്ചുള്ള അവസരങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങൾ നൽകി തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക

# മലയാളം ഹൈസ്കൂൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എഴുത്ത് വായന ഭാഷാപരമായ കുറവുകൾ പരിഹരിക്കൽ | അക്ഷരം ഉറപ്പിക്കുന്ന കഥ ബാക്കി പറയൽ, ചിഹ്നങ്ങൾ ഉറപ്പാക്കുന്ന ചിത്രത്തിന് അടിക്കുറിപ്പ് എഴുതുന്ന | 1month | Teacher | |
| 2.കുട്ടികളെ മികച്ച വായനക്കാരൻ ആക്കുന്ന | ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ വായന മൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ വായനാക്കുറിപ്പ് എഴുതുന്ന പുസ്തക ചർച്ച വയനാനുഭവം പങ്കുവെക്കൽ വായനാക്കൂട്ടം മോണിറ്ററിംഗ് | 6month | Teacher,class leader | |
| 3.കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തുകൂട്ടം രൂപീകരണം കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്ന | 6months | Teacher | |

| | | | | |
|---|---|---|---|---|
| 4.ഒരുസാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | ചെറുകഥ കവിത എന്നിവയുടെ നാടക ആവിഷ്കാരം | monthly programme | Arts club | |
| 5.ചലച്ചിത്ര പ്രദർശനം | പാഠഭാഗവുമായി ബന്ധപ്പെട്ട ചലച്ചിത്രങ്ങളുടെ പ്രദർശനം | വർഷത്തിൽ i ഒന്നോ രണ്ടോ ദിവസം | ഭാഷാകുറവ് | |
| 6.തിരക്കഥാ നിർമാണം | നോവൽ ,ചെറുക ഥാ എന്നിവയുടെ തിരക്കഥ തയ്യാറാക്കുന്നു | വർഷത്തിൽ i ഒന്നോ രണ്ടോ ദിവസം | അധ്യാപിക | |
| 7.വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമ ായ് ബന്ധപെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ എസ് .ആർ .ജി യിൽ രൂപപ്പെടുത്തുന്നു . നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | അവശ്യാനുസര ണം | എസ് .ആർ .ജി | |
| 8.വിവിധ സാഹിത്യ രൂപങ്ങൾപരിച യപ്പെടാൻ അവസരം | പുസ്തകങ്ങൾ വർഗീകരിച് ക്രെമീകരിക്കൽ , കാറ്റലോഗ് വിതരണ | വർഷത്തിൽ രണ്ടു പ്രാവശ്യം | ലൈബ്രേറിയൻ | |

| | | | | |
|---|---|---|---|---|
| ഒരുക്കൽ | രജിസ്റ്റർ എന്നിവ ശാസ്ത്രീതമാക്കൽ | | | |
| 9 ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ | ഭിന്നശേഷിക്കാരായ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നു | എല്ലാ ദിവസവും | P T A | |

# അക്കാദമിക് മാസ്റ്റർപ്ലാൻ
# ഗണിതം

*ദൈനദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക
*ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ട്യേ വളർത്തുക
*ഗണിതാശയങ്ങൾ വിശദികരിക്കുന്നതിനു ഗണിത ഭാഷ ഉപയോഗിക്കാൻ കുട്ടിക്ക് കഴിവ് ഉണ്ടാക്കുക
*കൃത്യതയോടും ,സൂഷ്മതയോടും കൂടെ കാര്യങ്ങൾ ചെയ്യുന്നതിനു അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും ശേഷി വികസിപ്പിക്കുക
*പ്രശ്നപരിഹാരത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ട്യേ പ്രാപ്തനാക്കുക
*ഗണിത പഠനത്തിന് ഐസിടി സാധ്യത പ്രയോജന പെടുത്താനും ഉപയോഗിക്കാനും കുട്ട്യേ കഴിവുള്ളവനാക്കുക
പ്രവർത്തനങ്ങൾ
പ്രവർത്തനം 1:ഗണിതലാബ് സജ്ജീകരിക്കൽ
ഉപമേഖല :അക്കാദമികം / ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത | ആവശ്യാനുസരണം | ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| | ലാബ് സജ്ജമാക്കാൽ ലാബിൽവച്ചു ഗണിതലക്ലാസ്സ് നടത്തൽ | | | |
| പ്രവർത്തനം:<br>ഉപമേഖല: | 2.ഗണിതപാർക്ക്<br>അക്കാഡമികം ഗണിതം | | | |
| ഗണിതം മധുരതരമാക്കൽ | ജ്യാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്തു പാർക്ക് സജ്ജമാക്കാൽ വിദ്യാഭ്യാസം | ഒരു പ്രാവശ്യം | ഗണിതക്ലബ് | |
| ഗണിതത്തിന്റെ ആവശ്യകത ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തൽ | സെമിനാർ സംഘടിപ്പിക്കുക ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ഗണിതശാസ്ത്ര ജ്ഞരുടെ ജീവ ചരിത്രവും കുട്ടികളുമായി പങ്കുവയ്ക്കുക | ജനുവരി -മാർച്ച് കൺവീനർ ക്ലാസ്സ്ടീച്ചർ | H M,S R G, കൺവീനർ ക്ലാസ്സ്ടീച്ചർ | |
| ഗണിതാസ്വാദനം | ഗണിതം പരീക്ഷണവസ്തു ആക്കാതെ ഗണിത സംഖ്യകളുടെ സാമൂഹികവും ബുദ്ധിപരവും ആയ | ഒരു വർഷം | | |

| | | | | |
|---|---|---|---|---|
| | മാനദണ്ഡങ്ങൾ വിശധികരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതാതു ക്ലാസ്സുകളിലെ പഠനനേട്ടങ്ങളുമായി തട്ടിച്ചു കൊണ്ടും തുടർ പ്രവർത്തനത്തിനും സാധ്യത ഉള്ളതുമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു | | | |
| ഗണിത ക്ലാസ് രൂപീകരണം | ഓരോ ക്ലസ്സിലെയും കുട്ടികൾ ഗണിത ക്ലാസ്സിൽ അംഗങ്ങൾ ആയിരിക്കും .ക്ലാസ്സിന്റെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളെയും ഉള്പ്പെടുതികൊണ്ടു ക്ലാസ് തലത്തിലും ,സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് നടപ്പാക്കുന്നു .പഠനോപകാരങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു ക്ലാസുകൾ | ജൂൺ | | |

| | | | | |
|---|---|---|---|---|
| | സംഘടിപ്പിക്കുന്നു | | | |
| ഗണിത മാഗസിൻ | .ഗണിതാശയങ്ങൾ പ്രശ്നങ്ങൾ പാറ്റേണുകൾ ,ചരിത്രങ്ങൾ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ ,ആനുകാലികസംഭവങ്ങൾ ,എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും ,സ്കൂൾ തലത്തിലും മാഗസിൻ തയാറാക്കി ഉപജില്ലാ മത്സരത്തിന് വേണ്ടി സമർപ്പിക്കുന്നു . | ജൂൺ -ഒക്ടോബർ | ഗണിത ക്ലബ് അംഗങ്ങൾ<br><br>H M,S R G, കൺവീനർ ക്ലാസ്സ്ടീച്ചർ | |
| ലിറ്റിൽ മാസ്റ്റർ | ഗണിത ശാസ്ത്രത്തിൽ മികച്ച 5 കുട്ടികളെ കണ്ടെത്തി വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു വാർഷിക പരിപാടിയിൽ വച്ച് സമ്മാനം | മാർച്ച് | | |

| | | | | |
|---|---|---|---|---|
| | നൽകി ആദരിക്കുകയും ചെയ്യുന്നു | | ഗണിതാധ്യാപകൻ | |
| ജ്യാമിതീയ പഠനം സുഗമമാക്കൽ | കടലാസ്സ് മടക്കുന്ന പ്രക്രിയ അടിസ്ഥാന പരമായും ഗണിതശാസ്ത്ര പരമാണു .കടലാസ്സ് മടക്കി വിവിധതരം പ്രവർത്തനങ്ങളിലൂടെ ബഹുഭുജങ്ങൾ , അവയുടെ കോണുകൾ തുടങ്ങിയവ പഠിക്കാം .ആവശ്യാനുസരണം ഗണിതാധ്യാപകൻ | ആവശ്യാനുസരണം | | |
| കാലികളിലൂടെയുള്ള പഠനം യുക്തി ചിന്ത വളർത്തൽ | യുക്തി ചിന്താഗതി വളർത്തുന്ന പലതരം പലതരം കാലികളുണ്ട് തീപ്പെട്ടി കമ്പുകളുപയോഗി | | ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| | ച്ച സമചതുരങ്ങൾ നിർമിക്കാൻ ,സമ വാക്യം രൂപീകരിക്കൽ എങ്ങനെ പസിലുകളിലൂടെ ഉള്ള പഠനം വിദ്യാഭ്യാസം | | | |

# ഹിന്ദി മാസ്റ്റർ പ്ലാൻ

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സജീവമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപികരിച്ചു ,സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം.വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി നാം ലക്ഷ്യം വയ്ക്കുന്നു .വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപ കല്പന ചെയ്യേണ്ടതുണ്ട് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രവർത്തികമാക്കികൊണ്ടു അക്കാദമിക് രംഗത്തും കലാരംഗത്തും ,കായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു

**ലക്ഷ്യങ്ങൾ**

1. സ്കൂളിൽ എത്തിച്ചേരുന്ന അല്ല കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രേതമായി എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക
2. ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ അല്ല കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക .

3.ഹിന്ദി ഭാഷ ലളിതവും ,രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവത്തനങ്ങൾ ആസൂത്രണം ചെയ്യുക .
4.ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക .
5.ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

## മേഖല യു .പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ്സിലെ അക്ഷരബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാം തരാം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപെടാനും അവസരം ഒരുക്കുക .പഠിപ്പിച്ചെടുക്കുക. | പുതിയ പാദങ്ങൾ ,പദ്യങ്ങൾ ,ചോളി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്തു പഠിപ്പിക്കും.ചിത്രങ്ങൾ,അക്ഷരമാല,ചാർട്ട് ,സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ . | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |
| 2. ഹിന്ദി വായന .തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യുക . | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ചു വായനയിലേക്ക് ആകർഷിക്കുക . മറ്റു ഹിന്ദി ചിത്രങ്ങൾ അതിന്റെ സിഡി താഴെ ഹിന്ദി എഴുതി കാണിക്കുന്ന വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 3. ഹിന്ദി സംസാരം .ഹിന്ദി യിൽ സംസാരിക്കാനു ള്ള കഴിവ് ഉണ്ടാക്കിഎടുക്കു വാനും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുമു ള്ള ഭാഷ പരിചയപ്പെടുത്തു ം . | പരമാവധി ക്ലാസ്സുകളിൽ ഹിന്ദി മാത്രം ഉപയോഗിക്കും.കു ട്ടികളുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും .ഹിന്ദിയിൽ സംസാരിക്കാൻ കഴിവുള്ളവരെ ക്ലാസ്സിന്റെ മുൻപിൽ കൊണ്ടുവരും. അധ്യാപകൻ ഹിന്ദി തെറ്റിച്ചു വായിക്കും .അത് ശരിയാക്കും . മത്സര വായന .കുട്ടികൾ തെറ്റാതെ ,ആവർ ത്തിക്കാതെ ,പാ സില്ലാതെ കൂടുതൽ വായിക്കണം.എ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | |

ഹൈസ്കൂൾ തലം ,ഹിന്ദി എട്ടാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരങ്ങൾ ,ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയ പെടുത്തുന്നു .അക്ഷരങ്ങൾ എഴുതാനും | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു .അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | June-July |

| | | |
|---|---|---|
| ,വായിയ്ക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br><br>ആഴ്ച്ചയുടെ എണ്ണൽ പരിചയപ്പെടുത്തുക . | <br><br><br>വർക്ഷീറ്റുകൾ നൽകുന്നു .ഓരോരുത്തരുടെയും ജനന തീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു . | <br><br><br>August -September |
| ഹിന്ദി വായന അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കും<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു<br>കാർട്ടൂൺ ,ചിത്രകഥ എന്നിവ വായിച്ചു ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു . | <br>കേട്ടെഴുത്തു,പദസൂര്യൻ ,പ്രശ്നോത്തിരി എന്നിവ നൽനൽകുന്നു . | <br><br><br>December-January |

**ഒമ്പതാംതരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതാനും ,വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു . | June-July |

| | | |
|---|---|---|
| നാമം,സർവ്വനാമം,വിശേഷണ ം,എന്നിവ മനസിലാക്കുന്നു.വാക്യ ഘടന പരിചയപ്പെടുത്തുന്നു .ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു . | ചാർട്ടുകൾ നൽകുന്നു.അതിൽ നിന്നും നാമം,സർവ്വനാമം ,വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു, | August-September |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ചു ആസ്വാദനകുറിപ്പു തയ്യാറാക്കുവാനറിയുന്നു . | പോസ്റ്ററിന്റെ മോഡൽ നൽകുന്നു.വിവിധ വിഷയങ്ങൾ നൽകുന്നു.ക്ലാസ്സിൽ പ്രദർശിപ്പിച്ചു മൂല്യനിർണയം നടത്തുന്നു.ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനകുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു . | November-December |

**പത്താംതരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചെട്ടുത്തുക എന്ന ലക്ഷ്യത്തോട് ഭാഷാവസ്തുതകളുമായ് ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>സഹിത്യാദി രുചി വളർത്തുക .ഹിന്ദി വാരാഘോഷ സമയത്തു ഹിന്ദി പരിപാടികളിൽ കുട്ടികളുടെ പങ്കളിത്തം ഉറപ്പു വരുത്തുക..<br><br>ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.കഥയ തിരക്കഥ ആയി മറ്റുവനറിയുന്നു സ്വഭാവ സവിശേഷതകളിൽ മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു .ഡയറി എഴുതുവാൻ അറിയുന്നു . | നാടകം വേദിയിൽ അവതരിപ്പിക്കുന്നു .സന്ദർഭോചിതമയി സംഭാഷണം തയ്യാറാക്കാൻ പറയുന്നു .<br>പദ്യം ചൊല്ലൽ ,കഥ ,കവിത ,പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു.<br>പാഠഭഗത്തിലെ സന്ദർഭങ്ങൾ നൽകുന്ന കഥ പത്രങ്ങളെ ആസ്പദമാക്കി ചരിത്ര കുരിപ്പുകുറിപ്പു തയ്യാറാക്കുവാൻ പറയുന്നു. അല്ല ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സയൻസ്

ശാസ്ത്ര പഠനം -പ്രശ്നങ്ങൾ -വിദ്യാഭ്യാസം കാരണങ്ങൾ

1. 5,6,7,8,9,10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല .

2. കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും ,നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.-സയൻസ് ലാബിന്റെ അപര്യാപ്തത .

3. എല്ലാ കുട്ടികളിലും ശാസ്ത്രമനോഭാവവും ശാസ്ത്രാവബോധവും വികസിപ്പിക്കുന്നതിന് പരിമിതികൾ ഉണ്ട് .-സാമൂഹികവും വിശ്വാസപരവും

4. പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം ,പഠനസമയത്തിന്റെ കുറവ്,ബിരുദ തലത്തിൽ പഠിക്കാത്ത വിഷയങ്ങൾ പഠിപ്പിക്കാൻ അധ്യാപകർ നിർബന്ധിതരാകുന്നു എന്നിവ എല്ലാ കുട്ടികളുടെയും പഠന നേട്ടം ഉറപ്പു വരുത്തുന്നതിൽ തടസമാകുന്നു .

## മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ . | **നിശാഗന്ധി : ജൈവ വൈവിധ്യ പാർക്ക്** ഔഷധതോട്ടം, പച്ചക്കറിതോട്ടം, ശലഭോദ്യാനം, ജൈവവേലി എന്നിവ ഉൾകൊള്ളിച്ചു കൊണ്ട് ജൈവ വൈവിധ്യ പാർക്ക് നിർമാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് അധ്യാപകർ, ഹെൽത്ത് ക്ലബ് ,പരിസ്ഥിതി ക്ലബ് | P.T.A |

| | | | | |
|---|---|---|---|---|
| | **<u>കണ്ടറിയാനൊരു യാത്ര</u>** : കാടിനെ പുഴയെ അറിയാൻ<br><br><u>പരീക്ഷണ കളരി</u>:നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉൾപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. വിദ്യാഭ്യാസം<br><br>ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു .പരീക്ഷണ കിറ്റുകൾ നിർമിക്കുന്നു. പരീക്ഷണ കുറിപ്പുകളുടെ ശേഖരണം തയ്യാറാക്കുന്നു. | ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, സയൻസ് അധ്യാപകർ , ഹെൽത്ത് ക്ലബ് ,പരിസ്ഥിതി ക്ലബ്<br><br>ശാസ്ത്രാധ്യാപകർ, സയൻസ് അധ്യാപകർ , ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ<br><br>സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 2.ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക . | **പരീക്ഷണ ദിനം(EXPERIMENT DAY):** അപകടരഹിത ചെറു പരീക്ഷണങ്ങൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് . | സയൻസ് ക്ലബ് |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപെടുത്തുക. | **യുറേക്ക** :കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് . | സയൻസ് ക്ലബ് |
| | ശാസ്ത്രമാസികൾ ഉൾകൊള്ളിച്ചു ശാസ്ത്ര ലൈബ്രറി . | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് | സയൻസ് ക്ലബ് |
| | **വിസ്മയ യാത്ര**:ഐസിടി സഹായത്താൽ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ,ശാസ്ത്ര കാരുടെ ജീവചരിത്രങ്ങൾ , പാഠഭാഗവുമായി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് | |

| | | | | |
|---|---|---|---|---|
| | ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം . | | | |
| ഓർഗാനിക് രസതന്ത്രം എളുപ്പം ആകുന്ന ,നേതൃപാടവം , ആശയ വിനിമയം ,തൊഴിൽ നൈപുണി ,ജനാധിപത്യ മര്യാദ | **കാർബണിന്റെ മാന്ത്രിക ലോകത്ത് ഞങ്ങളും :** മൈദയും ഉപ്പും ചേർത്തുണ്ടാക്കിയ കളിമണ്ണ് പോലത്തെ മിശ്രിതം കൊണ്ട് ബോൾ ആൻഡ് സ്റ്റിക് മോഡൽ ഉണ്ടാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് | |
| ശാസ്ത്രമനോഭാവം , ലക്ഷ്യബോധം , പ്രചോദനം | **ശാസ്ത്രദിനത്തിൽ ശാസ്ത്രജ്ഞന്റെ കൂടെ :**ശാസ്ത്രദിനത്തിൽ ISRO യിലെ ശാസ്ത്രജ്ഞനോട് കുട്ടികൾ സംവദിക്കുന്നു | ഫെബ്രുവരി | ശാസ്ത്രാധ്യാപകർ, സയൻസ് | |
| | **കോളേജിലേക്ക് :** ഫിസിക്സ് ,കെമിസ്ട്രി ,ബയോളജി പിജി ലാബുകളുള്ള ഒരു കോളേജിലേക്ക് ഏക ദിന സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ്,SRG | രക്ഷിതാക്കൾ |

# കലാവിദ്യാഭ്യാസം

| പ്രവർത്തനം | ലക്ഷ്യം | കാലം | ക്ലാസ്സ് | ചുമതല | സാമ്പത്തിക. |
|---|---|---|---|---|---|
| ഡിജിറ്റൽ ആൽബം തയ്യാറാക്കുക.ലോക പ്രശസ്തരായ ചിത്രകാരന്മാരെ ഉൾപ്പെടുത്തി കൂടാതെ കേരളത്തിലെയും ഇന്ത്യയിലെയും | | ജൂൺ മാസം | 6,7,8,9 | S R G | 1000/- |
| കലാകാരന്മാരെ ഉൾപ്പെടുത്തി | | ആഗസ്റ്റ് മാസം | 5,6,7,8 | S R G വിദ്യാഭ്യാസം | 1000/- |
| ചിത്രകലാ ക്യാമ്പ് പ്രാദേശികമായി ലഭിക്കുന്ന ചിത്രകാരന്മാരെ ഉൾപ്പെടുത്തി | | അവധിക്കാലം | 3,4,5,6,7,8,9 | P T A Art club old student | 2500/- |
| ആർട് ഗ്യാലറി സന്ദർശന സ്റ്റഡി ടൂർ | | നവംബർ | 7,8,9 | P T A,S R G | 10000/- |

# സാമൂഹ്യശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല കാലം | സാമ്പത്തിക ം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര ലൈബ്രറി കോർണർ | സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമിയിലേക്ക് പ്രവേശിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച ലൈബ്രറി ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം(social science club,S R G | |
| ബുലൈറ്റിൻ ബോർഡ് | സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻകോട് സ്ഥാപിച്ച് എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാപ്രവർത്തി ദിവസങ്ങളിലും | |
| ലോകസഞ്ചാരം | ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം ഭിത്തിയിൽ ഒട്ടിച്ച് ദിവസവും ദിനപത്രത്തിൽ വരുന്ന ഓരോ രാജ്യങ്ങളുടെയും | പ്രതിദിനം (SOCIAL SCIENCE CLUB) | |

| | | | | |
|---|---|---|---|---|
| | | പ്രധാന വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കുന്നു വാർത്തകൾ പൊളിച്ചുമാറ്റി വീണ്ടും തുടങ്ങാം | | |
| ചരിത്ര കലണ്ടർ | ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ട് പേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക ചരിത്രവുമായി ബന്ധപ്പെട്ട ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്ക് താഴെ ഒട്ടിക്കുക ഒരു വർഷം കഴിയുമ്പോൾ ചരിത്ര കലണ്ടർ രൂപപ്പെടും | പ്രതിദിനം,SRG | |
| എംബ്ള പുരാണം | പൊതു സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം | വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ | ഒരു വർഷത്തിലൊരു പ്രാവശ്യം<br><br>PTA ,SSG | |

| | | | | |
|---|---|---|---|---|
| | പരിചയപ്പെടൽ | എംബ്ലം ശേഖരിക്കണം ഓരോന്നും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം പദ്ധതി അവയുടെ പ്രവർത്തനം എന്നിവ ഓരോന്നും താഴെ എഴുതി തയ്യാറാക്കണം | | |
| ഡിജിറ്റൽ ആൽബം | സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയവും ആകർഷകവും ആക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് വ്യക്തിഗതമായി ആൽബം തയ്യാറാക്കി സോഷ്യൽ സയൻസ് ക്ലബ്ബിൽ അവതരണം | ഹ്രസ്വ കാലം Class teacher,social science club | |
| ക്വിസ് മത്സരം | ഇന്ത്യയുടെ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങൾ അറിയുക | സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം ക്ലാസ് അടിസ്ഥാനത്തിൽ നടത്തി വിജയികളാകുന്നവരെ എൽ പി യു പി എച്ച്എസ് വിഭാഗങ്ങളിൽ പങ്കെടുപ്പിക്കുക വിവിധ ദിനാചരണങ്ങളുമാ | ആഗസ്റ്റ് | |

| | | | | |
|---|---|---|---|---|
| | | യി ബന്ധപ്പെട്ട് ഉള്ള പ്രോഗ്രാം | ദിനാചരണ ദിവസങ്ങൾ | |
| പഠന യാത്രകൾ<br><br>സാമൂഹിക പ്രാധാന്യം ഉള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് | പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | പഠനയാത്രയിൽ സന്ദർശിച്ച സ്ഥലങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി പഠനയാത്ര കുറിപ്പ് തയ്യാറാക്കുന്നു ആൽബം തയ്യാറാക്കുന്നു | ഒരു ടെമിൽ ഒന്നും വീതം SRG,social science club | 20000/- spornsership |
| മോക്ക് പാർലിമെന്റ് നടത്തൽത്ര കലണ്ടർ | ജനാധിപത്യം മൂല്യങ്ങൾ വളർത്തുക | | നാലെണ്ണം കാലവർഷ സമ്മേളനം ഓണക്കാല സമ്മേളനം ക്രിസ്തുമസ് സമ്മേളനം വേനൽക്കാല സമ്മേളനം | |

# ACADEMIC MASTER PLAN

## ENGLISH

Objectives

. To develop listening skill in English

.To enrich the vocabulary and various expressions suitable to the situations

. To make oral presentation with voice modulations

.To develop confidence in communication skill

. To develop creativity and promote language generation

. To develop leadership quality and organisation skill

. To provide chance to listern to different programmes on the ratio

| No | programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1 | DEL(Development of English Language) | 1.Story telling (To develop listening skill and oral presentation) 2.Reading card (promote reading skill) 3.Reading corner.simple story books 4. Making | Long term<br><br>Continuing the whole academic year | Reading card<br><br>Story Books | Library<br><br>CD |

| | | | | | |
|---|---|---|---|---|---|
| | | simple reading materials<br>5. English Assembly<br>6.Wednesday as an English day | | | |
| 2 | Young Talents | 1.Choreography<br>2. Recitation<br>3.Skit | | | |

| നം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| 1 | STORY TIME: പാഠഭാഗവുമായി ബന്ധപ്പെട്ട കഥാ ഭാഗങ്ങൾ കണ്ടെത്തൽ അവതരണ ത്തിന് വ്യത്യസ്ത തന്ത്രങ്ങൾ (പാവ കളി, കഥാപ്രസംഗം) കണ്ടെത്തൽ. മിക ച്ചവ CPTA യിൽ അവതരണം | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക |
| 2 | ASSEMBLY IN ENGLISH ആഴ്ചയിൽ ഒരു ദിവസം അസംബ്ലി യുടെ മുഴുവൻ പരിപാടികളും ഇംഗ്ലീ ഷിൽ അവതരിപ്പിക്കുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. | ആഴ്ചയിൽ ഒരുദിവസം | ക്ലാസ് ടീച്ചർ | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും , എഴുതാനും , സംസാരിക്കാനു മുള്ള ശേഷി വികസിപ്പിക്കുക |
| 3 | DIARY WRITING ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ എഴുതുക | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | തെറ്റില്ലാത അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ |
| 4 | Drama and Theatre: പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന തിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതിസദസ്സിന മുൻപാകെ അവതരിപ്പിക്കൽ Eg : skit, conversation ,drama ete | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ |
| 5 | **Letter writing in English:** വിവിധ ദിനാചരണങ്ങൾ നമ്മുടെ സ്കൂളിൽ എങ്ങനെ നടത്തിയെന്ന് മറ്റു സ്കൂളിലെ കുട്ടുകാർക്ക് കത്തെഴുതുക. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ. |
| 6 | **Giving importance to teaching Grammar** : അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ. | പ്രതിവർഷം പത്താംക്ലാസ്സ് | ഇംഗ്ലീഷ് അധ്യാപകൻ | വ്യാകരണ ശ്രദ്ധയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ -സംസ്കൃതം -UP, 2025- 26

മേഖല- അക്കാദമികം **Govt High School Koovakkavu**

| ലക്ഷ്യം | | കാലയളവ് | പഠനോപകരണം | സാമ്പത്തിക ം | ക്ലാസിതര പ്ര വർത്തന ങ്ങൾ |
|---|---|---|---|---|---|
| . എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു<br><br>അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരി ച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു | ജൂൺ മുത ൽ<br><br>മാർ ച്ച് വരെ | പാഠപുസ്തകങ്ങ ൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപക ൻ | അനുരൂപീക രണ തലം സഹപാഠിക ളുടെ പിന്തുണ<br><br>പഠനപ്രവർ ത്തനങ്ങളിൽ സഹായിക്കൽ.<br><br>ഗ്രൂപ്പ് തല പ്രവർത്തന ങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയു ള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| ആശയങ്ങൾ<br>തെറ്റുകൂടാതെ<br>പ്രകടിപ്പിക്കാനും<br>സർഗാത്മക<br>രചനകൾ<br>വികസിപ്പിക്കാനുമുള്ള<br>അവസരം നൽകൽ. | പ്രശ്നോത്തരി മാഗസിൻ,<br>കഥ, കവിത, ഉപന്യാസം<br>എന്നിവക്കുള്ള<br>പരിശീലനം, സൃഷ്ടി | | | | |
| സംസ്കൃത<br>ദിനാചരണം<br>സ്കൂൾതല<br>മത്സരങ്ങ<br>ൾ നടത്തി<br>സബ്ജില്ലാ<br>ജില്ലാതലത്തി<br>ൽ<br>പങ്കെടുപ്പിക്കൽ.<br>സ്വാതന്ത്ര്യദിനം | ഔപചാരിക ക്ലബ്ബ്<br>രൂപീകരണം<br><br>അനുബന്ധ<br>പരിപാടികളും<br><br>സംസ്കൃതം പ്രാർത്ഥന.<br><br>വന്ദേമാതരാ ലാപനം. | | | | |
| ഭാഷാപഠനം<br>കലാപരിചയം<br>ക്ലാസ്, | കലോത്സവത്തിനായി<br>അധ്യാപകൻ കുട്ടികളെ<br>കണ്ടെത്തി<br>കലാരൂപങ്ങൾ<br>പരിചയപ്പെടുത്തി<br>പരിശീലനം നൽകുന്നു.<br>ഭാഷാ പ്രാധാന്യം<br>കണക്കിലെടുത്ത്<br>കഥ,സമസ്യ, സിദ്ധരൂപം<br>എന്നിങ്ങനെ പ്രത്യേകം<br>സജ്ജരാക്കുന്നു. | | ചിത്രങ്ങൾ,<br><br>വീഡിയോ | | |
| ശില്പശാല | പരീക്ഷാസംബന്ധമായി<br>കുട്ടികളുടെ<br>ഭാഷാപ്രയോഗ<br>സാമർത്ഥ്യം<br>മെച്ചപ്പെടുത്തുന്നതിന്.<br>എല്ലാ കുട്ടികളും<br>താല്പര്യത്തോടെ<br>പങ്കെടുക്കും | | | | |

| | | | | | |
|---|---|---|---|---|---|
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീല | | | | |

# Miscellaneous

ശാസ്ത്ര ലാബ് നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ് ,കെമിസ്ട്രി ,ബയോളജി എന്നിങ്ങനെ തിരിച്ചു ക്രമീകരിക്കൽ . | വർഷത്തിൽ ഒരു പ്രാവശ്യം | | |

ശാസ്ത്രപോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ.<br><br>നൂതന ശാസ്ത്ര തത്വങ്ങൾ കണ്ടുപിടുത്തങ്ങ.. ൾ എന്നിവ പരിചയപ്പെടുത്തൽ . | ശാസ്ത്രത്തിന്റെ രീതി ,ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത ,ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ . | പ്രതിമാസ പരിപാടി | | |

പ്രതിഭാ ഭോഷണ പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ . | ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളിൽ പരിശീലനം നൽകൽ .Eg:ബൾബ് നിർമാണം ,പുൽതൈലം ,ലോഷൻ ,സോപ്പ് നിർമാണം | അവധി ദിവസങ്ങൾ | SRG | |

മേളകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് മനസിലാക്കുക. | ശാസ്ത്ര പ്രദർശനങ്ങൾ മേളകൾ എന്നിവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ . പ്രതിവർഷം മൂന്ന് യാത്രകൾ . | പ്രതിവർഷം മൂന്ന് യാത്രകൾ | Science club | |

ശാസ്ത്രമാജിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചികൾ വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കൽ പ്രവർത്തനക്രമം (ജീവശാസ്ത്ര ജാലകം ,ബ്ലോഗിലെ നൂറു | മാസത്തിൽ രണ്ടു പ്രാവശ്യം | S R G | |

| | | | | |
|---|---|---|---|---|
| | പരീക്ഷണങ്ങൾ ) | | | |

ശാസ്ത്ര പോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു.സ യന്റിസ്റ്റുകളെ പരിചയപ്പെടൽ സയൻസ് ഡയറിൽ സമകാലീന ശാസ്ത്രവാർത്തകൾ അപ്ഡേറ്റ് ചെയ്യൽ . | ജൂൺ -ജനുവരി | | |

ശാസ്ത്ര പോഷണം

ശാസ്ത്രസിദ്ധാന്തങ്ങളും പ്രയോഗങ്ങളും ക്ലാസ്സ്റൂം സംബദ്ധിയായി പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് വിരസത അനുഭവപ്പെടുന്നു .അത് അവരെ ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ നിന്നും അകറ്റുന്നു .പ്രശ്നപരിഹാരത്തിനുള്ള ശേഷിയും കണ്ടെത്തൽ പഠനത്തിനുള്ള ശേഷിയും വളരുന്നതിന് പകരം ശാസ്ത്ര സംബദ്ധിയായ വിവരങ്ങൾ സാംശീകരിക്കുന്ന ഒന്നായി ശാസ്ത്ര പഠനം മാറുന്നു .ശാസ്ത്ര ക്ലാസുകൾ പ്രക്രിയാധിഷ്ഠിതമാകേണ്ടതുണ്ട് .പ്രക്രിയാധിഷ്ഠിതമായി ശാസ്ത്രത്തെ സമീപിക്കാൻ സുസജ്ജവും നവീനവുമായ ലാബ് അത്യന്താപേക്ഷിതമാണ് . ലൂടെ ശാസ്ത്രങ്ങളിൽ കുട്ടികൾക്ക് താല്പര്യം വർദ്ധിക്കുന്നതായി കാണുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ

1 ശാസ്ത്രഭിരുചി വളർത്താൻ
2 പ്രക്രിയ ശേഷികൾ സ്വാഭാവികമായി ആർജിക്കൽ
3. ശാസ്ത്ര പഠനത്തിൽശാസ്ത്രീയ രീതി പരിശീലിപ്പിക്കൽ.
5.വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനും അവസരം ലഭിക്കുന്നു.
4.ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കൽ

6. ഇതുവരെ പ്രതികരിക്കാത്ത കുട്ടികൾക്ക് ആദ്യ പരിഗണന.
7 പഠന പ്രയാസമനുഭവിക്കുന്ന കുട്ടികളെ അത് മറികടക്കാൻ പ്രാപ്തമാക്കുന്നു.
8 തൊഴിൽ നൈപുണി വളർത്തൽ

# സ്കൂൾ സോഷ്യൽ സർവിസ് സ്കീം-2025-26

## KTYM HS -O7

സേവനം സഹജീവനം എന്ന ലക്ഷ്യത്തിലൂന്നി പ്രവർത്തിക്കുന്ന ക്ലബാണ് സ്കൂൾ സോഷ്യൽ സർവിസ് സ്കീം.കുട്ടികളിൽ സാമൂഹികാവബോധം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് മാർഗരേഖ അനുസരിച്ച് നടന്നു വരുന്നു.

പ്രവർത്തനങ്ങൾ 2025-26

ദിനാചരണങ്ങൾ
ബോധവല്കരണ ക്ലാസുകൾ
പ്രദർശനങ്ങൾ
ശില്പശാലകൾ
സഹവാസക്യാമ്പുകൾ
സർവേ
സാന്ത്വനസ്പർശം ജീവകാരുണ്യം
മെഡിക്കൽ ക്യാമ്പ്

**CREATIVE CORNER**

| നമ്പർ | തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 1 | ജൂൺ | ശില്പശാല,മേശനിർമാണം | BRC,SRG |
| 2 | ജൂലൈ | പച്ചക്കറിത്തോട്ട നിർമാണം | SRG,PTA |
| 3 | സെപ്റ്റംബർ | തയ്യൽ പരിശീലനം പരിശീലനം | BRC,SRG,പരിശീലകൻ |
| 4 | ഒക്ടോബർ | fabric പെയിന്റിംഗ് | BRC,SRG,പരിശീലകൻ |
| 5 | നവംബർ | ബഡിങ്,grafting | BRC,SRG,പരിശീലകൻ |
| 6 | ഡിസംബർ | കേക്ക് നിർമ്മാണം | BRC,SRG,പരിശീലകൻ |
| 7 | ജനുവരി | LED ബൾബ് നിർമ്മാണം | BRC,SRG,പരിശീലകൻ |
| 8 | ഫെബ്രുവരി | വയറിംഗ്,PLUMBING പരിശീലനം | BRC,SRG,പരിശീലകൻ |

# The English Language Enrichment Programme (ELEP) i

The English Language Enrichment Programme (ELEP) is a visionary initiative by the Government of Kerala, implemented with the support of DIET, to foster English language development, build confidence, and equip students with the communication skills necessary for their academic and personal growth.

ELEP is being implemented specifically for students of classes 5 and 6 in selected schools. In Karukachal sub-district, the two government schools that are included in this initiative are Government High School Koovakkavu and Government Higher Secondary School Nedumkunnam. To ensure the smooth execution of the programme and to provide continuous support, a resource teacher (Sandra Prasad) has been appointed to guide the students.

The programme officially started on 16th June 2025 and will continue until 28th February 2026. Throughout this period, a variety of engaging activities have been planned and conducted to make the learning process enjoyable and meaningful. These include the celebration of English Day, conducting English assemblies, organizing English fest, and observing other important days with a focus on using the English language.

The formal inauguration of the programme,in our school, took place on 5th August 2025. The event was inaugurated by the President of the Gramapanchayat, Sri Cyril Thomas, who addressed the gathering and expressed his support for the initiative.

The launch marked a significant step towards enhancing English language proficiency among young learners in the school community.

****************************************************************************************************